**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 174** **27-06-2022 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി താലൂക്കാശുപത്രിയിൽ പുതിയ ബ്ലോക്ക് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി താലൂക്കാശുപത്രിയിൽ പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | കിഫ്ബിയിൽ നിന്ന് ഫണ്ട് അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിക്കുന്നതിൽ വന്ന കാലതാമസം പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | ബാലുശ്ശേരി താലൂക്ക് ആശുപത്രിയ്ക്ക് കിഫ്ബിയിൽ നിന്ന് അനുമതി ലഭിച്ച പദ്ധതിയുടെ അടങ്കൽ തുക 23.2 കോടി രൂപയ്ക്ക് ടെൻഡർ ചെയ്തിട്ടുള്ളതും ടെക്നിക്കൽ ഇവാല്യുവേഷൻ നടന്നു വരികയുമാണ്. ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ പുതിയ കെട്ടിടം നിർമ്മിക്കേണ്ട സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് നിശ്ചയിച്ച സർവ്വെ തുകയ്ക്ക് 3 തവണ ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും ലേലം കൊള്ളാതിരുന്നതിനാൽ സർവ്വെ തുക പുനർനിശ്ചയിച്ച് വീണ്ടും ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. |
| (സി) | പുതിയ ബ്ലോക്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ പൊതുജനങ്ങൾക്ക് ലഭ്യമാവുകയെന്ന് വിശദമാക്കാമോ; | (സി) | കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ 6 നിലകളിലായി 33990.84 ചതുരശ്ര അടിയിൽ പുതിയ കെട്ടിടവും, ഇപ്പോഴത്തെ ആശുപത്രിയുടെ മുകളിൽ ഒരു നിലയിൽ 9775.13 ചതുരശ്ര അടിയിലുള്ള സൗകര്യങ്ങളും 73 ആശുപത്രി കിടക്കകളും ഉൾപ്പെടുത്തിയാണ് ഈ ആശുപത്രി സമുച്ചയത്തിന്റെ നിർമ്മാണ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.<br><br>ട്രോമയും എമർജൻസികെയർ വിഭാഗവും , റേഡിയോളജി, ഒപ്പറേഷൻ തിയറ്റർ , നൂതന മാർഗ്ഗ രേഖയിലുള്ള ലേബർ റൂം, തീവ്ര പരിചരണ വിഭാഗം, ഒ.പി.ഡി വാർഡുകൾ, സി.എസ്.എസ്.ഡി, ബ്ലഡ് വിതരണ യൂണിറ്റ്, ലബോറട്ടറി സർവ്വീസ് തുടങ്ങിയ എല്ലാ വിധ നൂതന സൗകര്യങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ഡി) | പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാനാവുമെന്നാണ് കരുതുന്നത്; | (ഡി) | പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിക്ര മങ്ങൾ എത്രയും |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | പെട്ടെന്ന് പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ